"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - സംസ്ഥാന മിഷനിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് സൃഷ്ടിച്ച അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫിസർ തസ്തികയുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.150/2026/LSGD തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:-

1. കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ 03.10.2024-ലെ അജണ്ട നം. 16 പ്രകാരമുള്ള യോഗ തീരുമാനം.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.08.2025-ലെ 2805/E1/2024/KSHO നം കത്ത്
3. 19.04.2025-ലെ സ.ഉ.(അ)നം.54/2025/ധന
4. 16/06/2025-ലെ സ.ഉ.(സാധാ)നം.1469/2025/തസ്വഭവ

**ഉത്തരവ്**

കുടുംബശ്രീ സംസ്ഥാന മിഷനിൽ പബ്ലിക് റിലേഷൻസ് പ്രവർ ത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, വേതനം സർക്കാർ തീരുമാനത്തിന് വിധേയമാണെന്ന വ്യവസ്ഥയിൽ, അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ, ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത തസ്തികയുടെ ജോലിസ്വഭാവം, വേതനം എന്നിവ നിശ്ചയിക്കുന്നതിനുള്ള ശിപാർശ പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (4) പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുള്ള അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലെ നിയമനം പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ടി ഉത്തരവിലെ അനക്സറിലെ കാറ്റഗറി VIII പ്രകാരമുള്ള 32,550/- രൂപ പ്രതിമാസ കരാർ വേതനമായി താഴെപ്പറയുന്ന നിശ്ചയിച്ച് ഉത്തരവാകുന്നു.

i). പ്രസ്തുത തസ്തികയിലെ നിയമനം ഒരു വർഷത്തേക്കായിരിക്കും.

ii). പ്രസ്തുത തസ്തികയുടെ ജോലിസ്വഭാവം സംബന്ധിച്ച് പരാമർശം (2) കത്തിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
ധനകാര്യ വകുപ്പ് (20.12.2025-ലെ WCD-3/265/2024-ധന പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/354/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 17-01-2026 13:16:06
സെക്ഷൻ ഓഫീസർ